# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 753** **02.12.2015 ലെ മറുപടിക്ക്**

## തൃശ്ശൂർ മെഡിക്കൽ കോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രിയിൽ ഐ.പി./ഒ.പി വിഭാഗങ്ങളിൽ ശരാശരി എത്ര രോഗികൾ ദിനംപ്രതി ചികിത്സയ്ക്കായി എത്തിച്ചേരുന്നുണ്ട്; | (എ) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഒ.പി. വിഭാഗത്തിൽ 2849 ഉം ഐ.പി. വിഭാഗങ്ങളിൽ 169 ഉം രോഗികൾ ദിനംപ്രതി ചികിത്സയ്ക്കായി എത്തിച്ചേരുന്നുണ്ട്. |
| (ബി) പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാർ ഉൾപ്പെടെ ഓരോ തസ്തികയിലും എത്ര ജീവനക്കാർ ഉണ്ട്; | (ബി) തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിലവിൽ ഡോക്ടർമാരുൾപ്പെടെ 1324 പേർ ജോലി ചെയ്യുന്നു. |
| (സി) രോഗികളുടെ വർദ്ധനവിനനുസരിച്ച് ഡോക്ടർമാരും ഇതര ജീവനക്കാരും ഇല്ലാത്തതുകാരണം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആശുപത്രിയിൽ രോഗികളുടെ എണ്ണത്തിനാനുപാതികമായി ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (ഡി) മെഡിക്കല്‍ കോളേജാശുപത്രിയില്‍ കാര്‍ഡിയോ തൊറാസിക് സര്‍ജറി, ന്യൂറോ സര്‍ജറി വിഭാഗങ്ങള്‍ നിലവിലുണ്ടോ; ഇല്ലെങ്കില്‍ ടി വിഭാഗങ്ങള്‍ കൂടി ആരംഭിക്കുവാന്‍ നടപടികള്‍ സ്വീകരിക്കുമോ? | (ഡി) തൃശ്ശൂര്‍ സര്‍ക്കാര്‍ മെഡിക്കല്‍ കോളേജ് ആശുപത്രിയില്‍ ന്യൂറോ സര്‍ജറി വിഭാഗം നിലവില്‍ പ്രവര്‍ത്തിക്കുന്നുണ്ട്. തൊറാസിക് സര്‍ജറി വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടികള്‍ പുരോഗമിച്ചുവരുന്നു. |

സെക്ഷന്‍ ഓഫീസര്‍